# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം – വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി ഉത്തരവാകുന്നു.

പരാമർശം : ഈ ആഫീസിൽ നിന്നുള്ള 07/06/2023 ഇ 6-7823/2023/ PrHQ നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ. E6-31269/2022/PrHQ; തീയതി : 22-06-2023</u>**

വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ജീവനക്കാരനായ ശ്രീമതി രാഖി രാഘവൻ, ശ്രീമതി സിതാര.ഐ, ശ്രീമതി രതി കൈപ്പച്ചേരി എന്നിവർ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലേക്ക് പരാമർശ പ്രകാരം സ്ഥാനക്കയറ്റം നേടിയതിനാൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ മൂന്നു ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

നിലവിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ സീനിയോറിറ്റി പ്രകാരം അടുത്തതായി സ്ഥാനക്കയറ്റം നേടേണ്ടത് പാലക്കാട് ജില്ലാ ജയിലിലെ ശ്രീമതി ശർമിള.ഇ.എസ്, കോഴിക്കോട് ജില്ലാ ജയിലിലെ ശ്രീമതി സന്ധ്യ.ടി, ശ്രീമതി.റീന.കെ.എം എന്നിവരാണ്.

മേൽ സാഹചര്യത്തിൽ ജീവനക്കാരെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി ചുവടെ ചേർക്കുന്ന രീതിയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

1) പാലക്കാട് ജില്ലാ ജയിലിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീമതി ശർമിള.ഇ.എസിനെ 41300-87000 രൂപ ശമ്പള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി പാലക്കാട് ജില്ലാ ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2) കോഴിക്കോട് ജില്ലാ ജയിലിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീമതി സന്ധ്യ.ടിയെ 41300-87000 രൂപ ശമ്പള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി പത്തനംതിട്ട ജില്ലാ ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചും, ടി ജയിലിൽ വനിതാ ലോക്കപ്പ് നിലവിലില്ലാത്തതിനാൽ മഞ്ചേരി സ്പെഷ്യൽ സബ് ജയിലിൽ അറ്റാച്ച് ചെയ്തും ഉത്തരവാകുന്നു.

3) കോഴിക്കോട് ജില്ലാ ജയിലിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീമതി കെ.എം റീനയെ 41300-87000 രൂപ ശമ്പള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി തിരുവനന്തപുരം വനിതാ ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികൾക്കും
ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (സൂപ്രണ്ട് മുഖാന്തിരം )

പകർപ്പ് : ജയിൽ ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ,സീനിയർ എ ഓ, പിഎ ടു ഡിജിപി,സൂപ്രണ്ട്(എസ്റ്റാ),സി എ ടു ഡിജിപി ,പ്രിസൺസ് വെബ് സൈറ്റ്,TC 3,ഫയൽ,കരുതൽ ഫയൽ